**ക്രമപ്രശ്നം**

ചട്ടങ്ങളുടെ ലംഘനം

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, റൂൾ 303 പ്രകാരം ക്രമപ്രശ്നം ഉന്നയിക്കുകയാണ്. ഭരണഘടനയുടെ അനുച്ഛേദം 203(3), 206 എന്നിവ പ്രകാരം 2021-22 വർഷത്തേയ്ക്കുള്ള ധനാഭ്യർത്ഥന ബഡ്ജറ്റ് നിയമസഭയിൽ 04.06.2021-ന് നിയമസഭാ ചട്ടം 139 പ്രകാരം അവതരിപ്പിച്ചെങ്കിലും ഡിമാന്റുകൾ സംബന്ധിച്ച് സമ്പൂർണ വിവരങ്ങളോ ബഡ്ജറ്റിന്റെ മറ്റ് രേഖകളോ പതിനഞ്ചാം കേരള നിയമസഭയിലെ അംഗങ്ങൾക്ക് വിതരണം ചെയ്തിട്ടില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിലെ ഒന്നാം പേജിലെ ആമുഖത്തിൽ, 'ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റിലെ നിർദ്ദേശങ്ങൾ എല്ലാം തന്നെ നടപ്പിലാക്കാൻ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. എന്നാൽ ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ മുൻകൂട്ടി കാണാൻ കഴിയാതിരുന്ന ചില സംഭവവികാസങ്ങൾ ആണ് പുതുക്കിയ ബഡ്ജറ്റ് അവതരിപ്പിക്കാൻ കാരണമാകുന്നത് എന്നുപറഞ്ഞിട്ടുണ്ട്. 2021-22-ലെ ആദ്യ ബഡ്ജറ്റിന്മേലുള്ള ഭേദഗതി പത്രികയിൽ അദ്ദേഹം പറഞ്ഞിരിക്കുന്നത്, അവതരണക്കുറിപ്പ്,

'ഭേദഗതികളുടെ ഫലമായി 2605.18 കോടി രൂപ പദ്ധതി/പദ്ധതിയേതര ചെലവുകൾക്കായി ഉൾപ്പെടുത്തിയിരിക്കുന്നു' എന്നാണ്. ഈ ബഡ്ജറ്റ് സംബന്ധിച്ച വിശദാംശങ്ങളെല്ലാംതന്നെ കഴിഞ്ഞ നിയമസഭയിലാണ് അവതരിപ്പിച്ചത്. കഴിഞ്ഞ നിയമസഭയിൽ അംഗമല്ലാതിരുന്ന പുതിയ 53 അംഗങ്ങളും ഞാനുൾപ്പെടെ നേരത്തേ മെമ്പർമാരായിരുന്ന 12 അംഗങ്ങളും ഈ സഭയിലുണ്ട്. ഞങ്ങൾക്ക് ഈ രേഖകൾ കിട്ടിയിട്ടില്ല. സഭാ ചട്ടം 139 പ്രകാരം ഇത് സഭാ നടപടികളുടെ ലംഘനമാണ്. 2016-ൽ പുതിയ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ഈ നടപടിക്രമങ്ങളെല്ലാം പാലിച്ചിരുന്നു. സഭയുടെ കീഴ്വഴക്കവും അതാണ്. എന്നാൽ ഇപ്പോൾ ഈ വിഷയത്തിൽ സർക്കാർ സഭയെ ഇരുട്ടിലാക്കിയിരിക്കുകയാണ്. അംഗങ്ങളുടെ അവകാശങ്ങൾ ലംഘിച്ച് ധനപരമായ നടപടിക്രമങ്ങളിൽ തികഞ്ഞ വീഴ്ച വരുത്തിയിരിക്കുകയാണ്. അതുപോലെ, നിയമസഭാ ചട്ടം 142 പ്രകാരം പൊതുചർച്ചകൾക്ക് ശേഷം ബഡ്ജറ്റ് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നതാണ് ഈ സഭയുടെ കീഴ്വഴക്കം. എന്നാൽ പൊതുചർച്ച ആരംഭിക്കുന്നതിന് മുമ്പ് ഈ ദിവസം വരെ സബ്ജക്ട് കമ്മിറ്റികൾ

രൂപീകരിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ചട്ടം 142-ലെ വ്യവസ്ഥകൾ നിലനിൽക്കുമ്പോൾ പൊതുചർച്ച നടത്തുന്നതിന്റെ അവ്യക്തതയുമുണ്ട്. ഒന്നുകിൽ ചട്ടം 142 താൽക്കാലികമായി മരവിപ്പിക്കുകയോ സമിതികളുടെ രൂപീകരണം ഇന്നുതന്നെ പൂർത്തിയാക്കുകയോ ചെയ്യണം. ചട്ടങ്ങളെയും കീഴ്വഴക്കങ്ങളെയും മാനിക്കാതെയുള്ള നിയമസഭാ നടപടി അങ്ങ് പരിശോധിച്ച് റൂളിംഗ് ഉണ്ടാകണം എന്ന് അഭ്യർത്ഥിക്കുന്നു.